# കേരളസർവകലാശാല

നം.പി.ആർ.86/2023

## പത്രക്കുറിപ്പ്

### ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയിൽ 2023–25 ബാച്ച് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാലയ്ക്ക് കീഴിൽ കാര്യവട്ടം ക്യാമ്പസിൽ പ്രവർത്തിക്കുന്നതും, സർക്കാർ തലത്തിലെ ഏറ്റവും മികച്ച ബിസിനസ് സ്കൂളുകളിൽ ഒന്നും ആയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയിൽ (ഐ.എം.കെ), സി.എസ്.എസ് സ്കീമിൽ, എം.ബി.എ (ജനറൽ), എം.ബി.എ (ട്രാവൽ ആൻഡ് ടൂറിസം), എം.ബി.എ (ഷിപ്പിംഗ് ആൻഡ് ലോജിസ്റ്റിക്സ് ) കോഴ്സുകളിലേക്ക് 2023–25 ബാച്ച് പ്രവേശനത്തിനായി ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു.

അപേക്ഷാർത്ഥിക്ക് 2023ൽ കരസ്ഥമാക്കിയ സാധുവായ **KMAT/CAT/CMAT** സ്കോർ കാർഡ് ഉണ്ടായിരിക്കേണ്ടതാണ്. **www.admissions.keralauniversity.ac.in** എന്ന യൂണിവേഴ്സിറ്റി പോർട്ടൽ വഴി 22.05.2023, 10:00 **pm** വരെ ആദ്യ ഘട്ട അപേക്ഷകൾ സ്വീകരിക്കുന്നതായിരിക്കും. പ്രസ്തുത തീയതിക്ക് മുൻപായി അപേക്ഷ സമർപ്പിക്കുന്ന മുഴുവൻ അപേക്ഷാർത്ഥികളെയും 29/05/2023, 30/05 2023, എന്നീ തീയതികളിൽ നിശ്ചയിച്ചിരിക്കുന്ന ഗ്രൂപ്പ് ഡിസ്കഷൻ പേഴ്സണൽ ഇൻറർവ്യൂ എന്നിവയ്ക്കായി ക്ഷണിക്കുന്നതും, പ്രവേശന പരീക്ഷ (80%), ഗ്രൂപ്പ് ഡിസ്കഷൻ(10%), പേഴ്സണൽ ഇൻറർവ്യൂ (10%) എന്നിവയുടെ അടിസ്ഥാനത്തിൽ പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി 02/06/2023 ന് പ്രസിദ്ധീകരിക്കുന്നതായിരിക്കും. തുടർന്ന് 09.06.2023 ന് ഐ.എം.കെയുടെ കാര്യവട്ടം കാമ്പസിൽ വെച്ച് കൗൺസിലിംഗ് നടന്നതും അതിൻപ്രകാരം ക്ലാസുകൾ ആരംഭിക്കുന്നതുമായിരിക്കും.

രജിസ്ട്രേഷൻ ഫീസ് ജനറൽ വിഭാഗത്തിന് 600 രൂപയും, എസ് സി/ എസ്.ടി വിഭാഗത്തിന് 300 രൂപയും ആണ് പ്രോസ്പെക്ടസ് അപേക്ഷാ ഫോം എന്നിവയുടെ വിശദാംശങ്ങൾക്കായി യൂണിവേഴ്സിറ്റി പോർട്ടൽ സന്ദർശിക്കുക.

### പരീക്ഷ ഫലം

കേരളസർവകലാശാല നടത്തിയ ഒന്നാം സെമസ്റ്റർ ജൂലൈ 2022 ബി.കോം ട്രാവൽ & ടൂറിസം മാനേജ്മെന്റ് (338), ബി.കോം കോമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (138) (മേഴ്സി ചാൻസ് 2013 അഡ്മിഷൻ), മൂന്നാം സെമസ്റ്റർ സെപ്റ്റംബർ 2022 ബി.കോം കോമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (138) (**Prior to** 2013 അഡ്മിഷൻ) എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനക്കും പുനർമൂല്യനിർണയത്തിനും ഓൺലൈനായി 2023 മെയ് 13 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല നാലാം സെമസ്റ്റർ ബി.എ എക്കണോമിക്സ് ആൻഡ് മീഡിയ സ്റ്റഡീസ്, ബി.എ എക്കണോമിക്സ് ആൻഡ് മാത്തമാറ്റിക്സ്, ബി.എസ്സി മാത്തമാറ്റിക്സ് ആൻഡ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബി.കോം അക്കൗണ്ട്സ് ആൻഡ് ഡാറ്റ സയൻസ് ന്യൂജനറേഷൻ ഡബിൾ മെയിൻ നവംബർ 2022 (2020 അഡ്മിഷൻ) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 15 വരെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

കേരള സർവകലാശാല 2022 ഏപ്രിൽ മാസം നടത്തിയ എം.എ മലയാളം (പ്രീവിയസ് ആൻഡ് ഫൈനൽ )വിദൂര വിദ്യാഭ്യാസം സപ്ലിമെന്ററി ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു വിശദവിവരം വെബ്സൈറ്റിൽ.

## പ്രോജക്ട് വൈവ & പ്രാക്ടിക്കൽ

കേരളസർവകലാശാല ആറാം സെമസ്റ്റർ സി.ആർ.സി.ബി.സി.എസ്.എസ് ബി.എസ്‌സി കെമിസ്ട്രി & ഇൻഡസ്ട്രിയൽ കെമിസ്ട്രി (241) ബി.എസ്‌സി എൻവയോൺമെന്റ് സയൻസ് ആൻഡ് എൻവയോൺമെന്റ് ആൻഡ് വാട്ടർ മാനേജ്മെന്റ് (216) ഏപ്രിൽ 2023 പരീക്ഷയുടെ പ്രോജക്ട് വൈവ & പ്രാക്ടിക്കൽ മെയ് 16 മുതൽ അതാത് പരീക്ഷ കേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്.വിശദവിവരം വെബ്സൈറ്റിൽ.

## സെനറ്റ് തിരഞ്ഞെടുപ്പ് – വോട്ടർ പട്ടിക

കേരളസർവകലാശാല യൂണിയൻ (2022 – 2023) ഭാരവാഹികളുടേയും, സെനറ്റ്/സ്റ്റുഡൻറ്സ് കൗൺസിലിലേക്കുള്ള വിദ്യാർത്ഥി പ്രതിനിധികളുടേയും തിരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട വോട്ടർ പട്ടികകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം,
04.05.2023

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**
**website:** **www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No.8547330240**